എം‌റ്റി.(1) 2244/2022

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ. ജംഗ്ഷൻ, തിരുവനന്തപുരം -14
ഫോൺ 0471-2330825
ഇമെയിൽ- keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി:**18/03/2022**

# സർക്കുലർ നമ്പർ 14/2022

## സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി
## (കോപ്പ് കെയർ)

വിഷയം - സഹകരണ വകുപ്പ്- സർക്കാരിന്റെ 100ദിന പരിപാടി - ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി - നടപ്പിലാക്കുന്നത് സംബന്ധിച്ച്.

2022 ഫെബ്രുവരി 10 മുതൽ മേയ് 20 വരെ സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന നൂറുദിന പരിപാടിയുടെ ഭാഗമായി ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ, പെയ്ഡ്സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ നടപ്പിലാക്കുക.

2. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർ പ്രത്യേകിച്ച് കിടപ്പിലായ ആശ്രയമില്ലാതെ കഴിയുന്നവർക്ക് (ബന്ധുമിത്രാദികൾ അടുത്തില്ലാതെ) ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണ് ലക്ഷ്യമിടുന്നത്.

3. പദ്ധതിയുടെ ഗുണഭോക്താക്കൾ ആകുന്നതിനായി നിശ്ചിത തുക സംഘത്തിൽ ഒടുക്കി രജിസ്റ്റർ ചെയ്യുകയും ചികിത്സാവശ്യം അറിയിക്കുന്നമുറയ്ക്ക് താമസസ്ഥലത്തുവന്നോ, താമസസ്ഥലത്തു നിന്നും രോഗിയെ ബന്ധപ്പെട്ട സഹകരണ ആശുപത്രിയിൽ എത്തിച്ചോ ആവശ്യമായ ചികിത്സ നൽകി തിരികെ എത്തിക്കേണ്ടതാണ്. ചികിത്സാ കാലയളവിൽ സഹായിയെ

ആവശ്യമെങ്കിൽ ആയത് നൽകുന്നതിനുള്ള ചുമതലയും നിർവ്വഹിക്കേണ്ടതാണ്.

4. തുടർച്ചയായ നിശ്ചിത ഇടവേളകളിൽ താമസസ്ഥലത്തെത്തി ആവശ്യമായ രോഗനിർണയ പരിശോധനകൾ, ലാബ് പരിശോധനകൾ നടത്തി തുടർ ചികിത്സ നിർദ്ദേശിക്കുന്ന പദ്ധതിയും ആവിഷ്കരിക്കാവുന്നതാണ്.

5. ടി പദ്ധതി പ്രകാരം ചികിത്സക്കും അനുബന്ധ ചെലവുകൾക്കുമായി വ്യക്തികളിൽനിന്നും സ്വീകരിക്കേണ്ട തുക സംഘം നിശ്ചയിക്കേണ്ടതാണ് .

6. പാലിയേറ്റീവ്കെയർ പദ്ധതി ആരംഭിക്കുന്ന സംഘങ്ങൾ വ്യക്തമായ നിബന്ധനകൾ തയ്യാറാക്കേണ്ടതാണ്.

7. സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി എല്ലാ തലങ്ങളിലുമുള്ള ആരോഗ്യസംരക്ഷണങ്ങളിലും സഹകരണആശുപത്രികളെ ഉൾപ്പെടുത്തുന്നതിനാണ് സഹകരണ വകുപ്പ് ലക്ഷ്യമിടുന്നത്.

**(ഒപ്പ്)**
**പി.ബി നൂഹ്. ഐ.എ.എസ്**
**സഹകരണ സംഘം രജിസ്ട്രാർ**

പകർപ്പ്-
1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ് ) മാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ് ) മാർക്കും,ജോയിന്റ് രജിസ്ട്രാർ(ജനറൽ)ജോയിന്റ് ഡയറക്ടർ ആഡിറ്റ് (മുഖേന)
5. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ ഹോസ്പിറ്റൽ ഫെഡ്,
6. എല്ലാ ആശുപത്രി സഹകരണ സംഘങ്ങൾക്കും, ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന.
6. എഡിറ്റർ, സഹകരണ വീഥി.
7. വെബ് സൈറ്റ്.
8. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എം.റ്റി)